**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4080** **17-03-2025 - ൽ മറുപടിയ്ക്ക്**

**കില ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ കില നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനുള്ള "ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം" എന്ന കൈപ്പുസ്തകം കില തയ്യാറാക്കിയിട്ടുണ്ട് . തൃശ്ശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗര സഭകൾക്കും രണ്ട് ദിവസ പരിശീലനം 2024 -25 വർഷം നൽകിയിരുന്നു .2025 -26 വർഷം സംസ്ഥാനത്ത് മുഴുവൻ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്കും പരിശീലനം നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു . |
| (ബി) | കിലയിലും കിലയുടെ കേന്ദ്രങ്ങളിലും ഭിന്നശേഷി വിഭാഗത്തിലുള്ള ജീവനക്കാർ ജോലിചെയ്യുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന് വ്യക്തമാക്കുമോ; | (ബി) | കിലയുടെ സെന്ററുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. ഭിന്നശേഷി സൌഹൃമാണ് കില. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്ന കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമല്ല എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കിലയും കിലയുടെ കേന്ദ്രങ്ങളും നാളിതുവരെ ഭിന്നശേഷി സൗഹൃദമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൌഹൃദമാണ് . |
| (ഇ) | കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | കില ഹെഡ് കോട്ടേജ്സിലെ മെയിൻ ബ്ലോക്ക്, ലൈബ്രറി, എസ്.എ.എസ്. എന്നിവയിൽ റാമ്പുകൾ നിർമ്മിച്ചിട്ടുണ്ട്. കൈപ്പിടികളും എല്ലായിടത്തും ഉറപ്പാക്കിയിട്ടുണ്ട്. പ്രധാന കെട്ടിടത്തിൻ്റെ മുകൾ നിലയിലേക്ക് ലിഫ്റ്റും നിർമിച്ചിട്ടുണ്ട്.<br>കൂടാതെ കിലയിൽ വീൽ ചെയർ സൌകര്യം പരിശീലനഹാളിലും ഗസ്റ്റ് ഹൌസുകളിലും ലഭ്യമാക്കിയിട്ടുണ്ട്. സൈൻ ബോർഡുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചിട്ടുണ്ട്.ഭിന്നശേഷിക്കാർക്കായുള്ള വാഹനം പാർക്ക് ചെയ്യുന്നതിനായുള്ള സ്ഥലവും കിലയിൽ ഒരുക്കിയിട്ടുണ്ട്. ഇപ്രകാരം കിലയുടെ പ്രധാന പരിശീലന സ്ഥലങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുണ്ട്. ഇതുകൂടാതെ കിലയുടെ മറ്റ് സെന്ററുകളിലും ഇത്തരം പ്രവർത്തികൾ ചെയ്തിട്ടുള്ളതും ഭിന്ന ശേഷി സൌഹൃദമാക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ